**പതിമൂന്നാം കേരളനിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2172 — 08.12.2014 ന് മറുപടിയ്ക്ക്.

**കാസർഗോഡ് ജില്ലയിലെ വന്യമൃഗങ്ങളുടെ ശല്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജനവാസകേന്ദ്രങ്ങളിലും സ്കൂൾ പരിസരത്തും പകൽ സമയങ്ങളിൽ കാട്ടാനക്കൂട്ടം ഇറങ്ങി പരിഭ്രാന്തി സൃഷ്ടിക്കുന്ന വിഷയം ഗൗരവത്തിൽ എടുത്തിട്ടുണ്ടോ; | (ബി) പാണ്ടി ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ അതിർത്തിയിലുള്ള അഡൂർ റിസർവ്വ് വനത്തിൽ കാട്ടാനകൾ വരാറുണ്ട്. കാസറഗോഡ് ജില്ലയിലെ വന മേഖല ജനവാസ കേന്ദ്രങ്ങളിലും കയറിയും ഇറങ്ങിയും ചുറ്റപ്പെട്ടുമാണുള്ളത്. ആനകളുള്ള വനത്തിനകത്തെ വഴികളും റോഡുകളുമാണ് നാട്ടുകാരും ഉപയോഗിക്കുന്നത്. കർണ്ണാടക വനങ്ങളിൽ നിന്നുമാണ് കാസർഗോഡ് ഡിവിഷനിൽ വനമേഖലയിലേക്ക് കാട്ടാനകൾ ഇറങ്ങി വരുന്നത്. ഇങ്ങനെ വന്ന മൂന്ന് കൂട്ടം കാട്ടാനകളെ വയനാട്ടിൽ നിന്നും വന്ന എലിഫന്റ് ടാസ്ക് ഫോഴ്സിന്റേയും കണ്ണൂർ ദ്രുതകർമ്മ സേനയുടേയും സഹായത്തോടെ കർണ്ണാടക വനത്തിലേക്ക് തിരിച്ചയച്ചിട്ടുണ്ട്. |
| (സി) ജനവാസകേന്ദ്രത്തിൽ ആന ഇറങ്ങുമ്പോൾ പേരിന് തുരത്തൽ നടപടി സ്വീകരിക്കുന്നതല്ലാതെ ആയതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ജനവാസകേന്ദ്രത്തിൽ ആന ഇറങ്ങുന്നത് തടയുന്നതിന് കാസർഗോഡ് ഡിവിഷനിൽ 2013-14 വർഷത്തിൽ 18.19 ലക്ഷം രൂപ ചെലവിൽ 17 കി.മീ സോളാർ ഫെൻസിംഗ് നിർമ്മിക്കുകയുണ്ടായി. ഈ വർഷം 36 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിനും 4 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണി നടത്തുന്നതിനും ഉള്ള ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ